# കോട്ടക്കൽ നഗരസഭ

കോട്ടക്കൽ. പി.ഒ., മലപ്പുറം-676503, ഫോൺ നമ്പർ : 0483-2742221

ഇ-മെയിൽ: secretarykottakkal@gmail.com വെബ്സൈറ്റ് : www.kottakkal.lsgkerala.gov.in


**എച്ച്1/9165/11** **തീയതി: 16.04.2013.**

**സ്വീകർത്താവ്**

**ജില്ലാ കലക്ടർ,**
**മലപ്പുറം.**

**സർ,**

**വിഷയം :** കോട്ടക്കൽ നഗരസഭ- ആരോഗ്യ വിഭാഗം- ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ സംസ്കരണവും നിർമ്മാണവും/ പുനരുദ്ധാരണ പ്രവർത്തനങ്ങളും തടസ്സപ്പെടുത്തൽ സംബന്ധിച്ച്.

**സൂചന :** 16/04/2013 ലെ മുനിസിപ്പൽ എഞ്ചിനീയറുടെയും ഹെൽത്ത് ഇൻസ്പെക്ടറുടെയും റിപ്പോർട്ടുകൾ.

...............................

01/11/2010 ലാണ് കോട്ടക്കൽ മുനിസിപ്പാലിറ്റി നിലവിൽ വന്നത്. 01/11/2010 നു മുമ്പ് നിലവിലുണ്ടായിരുന്ന കോട്ടക്കൽ ഗ്രാമപഞ്ചായത്തിൽ ഖരമാലിന്യ സംസ്കരണത്തിനു വേണ്ടി മൈലാടിയിൽ മൂന്നേക്കർ വിസ്തൃതിയുള്ള സ്ഥലത്ത് ഖരമാലിന്യം 'വിൻഡ്രോ കംമ്പോസ്റ്റ്' സംവിധാനത്തിലൂടെ സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. പട്ടണത്തിൽ നിന്നും ശേഖരിക്കുന്ന ഖരമാലിന്യം ദിവസേന ലോറിയിൽ ശേഖരിച്ച് പ്ലാന്റിലെത്തിച്ച് സംസ്കരിക്കുന്ന രീതിയാണ് തുടർന്നു വന്നിരുന്നത്. പ്രതിദിനം രണ്ട് ലോഡ് മാലിന്യങ്ങളാണ് ശരാശരി സംസ്കരിച്ചു വന്നിരുന്നത്. സംസ്കരണത്തിനായി പ്ലാന്റ്, വ്യക്തികളെയാണ് ഏൽപ്പിച്ചു വന്നിരുന്നത്. ഏകദേശം പത്തു വർഷത്തോളം പഴക്കമായ പ്ലാന്റിന്റെ നവീകരണത്തിനും വിപുലീകരണത്തിനുമായി നഗരസഭ പദ്ധതി തയ്യാറാക്കുകയും ആയത് 14/12/2012 ന് കൗൺസിൽ അംഗീകരിക്കുകയും പ്രസ്തുത പദ്ധതിക്ക് 28/06/2012 ന് ശുചിത്വ മിഷനിൽ നിന്ന് സാങ്കേതിക അനുമതി ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി പദ്ധതി പ്രകാരം നഗരസഭ പ്ലാന്റിന്റെ വിപുലീകരണ പ്രവൃത്തികൾ ആരംഭിക്കുകയും ആയത് പൂർത്തീകരിച്ചു വരികയുമാണ്.

മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയത് വഴി നഗരസഭ പ്രതിദിനം ഒരു ലോഡ് മാലിന്യം മാത്രമേ ശേഖരിച്ച് സംസ്കരിക്കുന്നതിന് പ്ലാന്റിൽ നിലവിൽ എത്തിക്കുന്നുള്ളൂ. 2013 ഏപ്രിൽ 1 മുതൽ

സംസ്കരണത്തിന് പുതിയ കരാറുകാരനെയാണ് പ്ലാന്റ് ഏൽപ്പിച്ചിട്ടുള്ളത്. ഗുരുതരമായ പരാതികളോ ആരോപണങ്ങളോ ഇല്ലാതെയാണ് ഇതുവരെ പ്ലാന്റിന്റെ പ്രവർത്തനം നടന്നു വന്നിരുന്നത്. പ്ലാന്റിന്റെ 300m ചുറ്റളവിൽ വാസഗൃഹങ്ങൾക്ക് നിർമ്മാണാനുമതി നൽകിവരുന്നില്ല. പ്ലാന്റ് നിലവിലുള്ള സ്ഥലത്തു നിന്നും മാറ്റണമെന്നാവശ്യപ്പെട്ട് സി.മുഹമ്മദ് കൺവീനറായി ആക്ഷൻ കമ്മിറ്റിയുടെ ഒരു പരാതി നഗരസഭയിൽ 26/03/2013 ന് ലഭിച്ചിട്ടുള്ളത് നഗരസഭ പരിശോധിച്ചു വരുന്ന അവസരത്തിൽ മൈലാടി ഖരമാലിന്യ പ്ലാന്റിന്റെ പ്രവർത്തനം 12/04/2013 മുതൽ തടസ്സപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. ഇതു സംബന്ധിച്ച് പോലീസ് ഇടപെടുകയും തിരൂർ സി.ഐ ഓഫ് പോലീസിന്റെ നേതൃത്വത്തിൽ 15/04/2013 ന് കോട്ടക്കൽ റസ്റ്റ് ഹൗസിൽ വെച്ച് ആക്ഷൻ കമ്മിറ്റി അംഗങ്ങളുമായി ചർച്ച നടത്തുകയും എന്നാൽ പ്ലാന്റിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ഒരു ജനകീയ സമിതിക്ക് രൂപം നൽകുന്നതിന് സഹകരിക്കാതെ ആക്ഷൻ കമ്മിറ്റി പ്രതിനിധികൾ യോഗം ബഹിഷ്കരിക്കുകയാണ് ചെയ്തത്.

16/04/2013 ന് നഗരസഭ ശേഖരിച്ച മാലിന്യം സംസ്കരിക്കുന്നതിന് പ്ലാന്റിൽ പ്രവേശിക്കുന്നതിന് തടസ്സപ്പെടുത്തിയിട്ടുണ്ടെന്നും, പ്ലാന്റിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിച്ചിട്ടുള്ളതായും, മുനിസിപ്പൽ എഞ്ചിനീയറും ഹെൽത്ത് ഇൻസ്പെക്ടറും റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്ലാന്റിന്റെ സുഗമമായ പ്രവർത്തനത്തിനും, നിർമ്മാണ പ്രവർത്തനത്തിനും, ആവശ്യമായ പോലീസ് സഹായം തേടി കൊണ്ട് കോട്ടക്കൽ പോലീസ് സ്റ്റേഷനിൽ കത്ത് നൽകിയിട്ടുള്ളതുമാണ്.

ഏറ്റവും കുറവ് മാലിന്യം ശേഖരിക്കുകയും ശാസ്ത്രീയമായി പരിസ്ഥിതിക്ക് യാതൊരു വിധ ദോഷം കൂടാതെയും സംസ്കരിച്ചു വന്നിരുന്ന പ്ലാന്റിന്റെ പ്രവർത്തനം തടസ്സപ്പെടുത്തിയതിൽ ഗൂഢാലോചന ഉണ്ടെന്ന് സംശയിക്കുന്നു. കഴിഞ്ഞ രണ്ടാഴ്ച്ചകളിലായി പ്ലാന്റിൽ ശേഖരിക്കപ്പെട്ട മാലിന്യങ്ങൾ സംസ്കരിക്കാൻ സാധിച്ചിട്ടില്ല. പ്ലാന്റിൽ വേർതിരിച്ച് സൂക്ഷിച്ചിട്ടുള്ള പ്ലാസ്റ്റിക്, ആയതു ശേഖരിക്കുന്ന കേന്ദ്രങ്ങളിലേക്ക് നീക്കം ചെയ്യുന്നതിനും സാധിച്ചിട്ടില്ല. പട്ടണത്തിലെ പൊതു കേന്ദ്രങ്ങളിൽ നിന്നും, സ്ട്രീറ്റ് സ്വീപ്പിങ്ങിലൂടെയും മറ്റും ശേഖരിച്ചു സംസ്കരിക്കേണ്ട മാലിന്യങ്ങൾ പ്ലാന്റിൽ എത്തിക്കുന്നതിന് കഴിയാത്ത സാഹചര്യമാണ് ഇപ്പോൾ നില നിൽക്കുന്നത്. ശുചീകരണം നടത്തുവാൻ കഴിയാതെ വരുന്നതു മൂലം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനു ഇടവരുമെന്നതിനാൽ പ്ലാന്റിന്റെ സുഗമമായ പ്രവർത്തനത്തിന് നിലനിൽക്കുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഉണ്ടാവണമെന്ന് അപേക്ഷിക്കുന്നു.

**വിശ്വസ്തതയോടെ,**



**സെക്രട്ടറി,**
**കോട്ടക്കൽ നഗരസഭ.**

**അയക്കുന്നു**



**ചെയർപേഴ്സൺ**
**കോട്ടക്കൽ നഗരസഭ**